# MALAYALAM

*(Maximum Marks : 80)*

*(Time Allowed : Three Hours)*

*(Candidates are allowed **additional 15 minutes** for **only** reading the paper.*

*They must **NOT** start writing during this time.)*

*Answer **Questions 1, 2 and 3 in Section A** and **four** other questions from **Section B** on any **three** out of the **four** prescribed textbooks.*

*The intended marks for questions or parts of questions are given in brackets [ ].*

## SECTION A
## LANGUAGE - 40 MARKS

**Question 1** **[15]**

**Write a composition in approximately 400 words in Malayalam on any ONE of the topics given below :—**

**(താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെപ്പറ്റി 400 വാക്കിൽ കുറയാതെ ഉപന്യാസം തയ്യാറാക്കുക.)**

(i) 'ആഹാരവും ആരോഗ്യവും' തമ്മിൽ വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. ഈ പ്രസ്താവനയെപ്പറ്റി ഉപന്യസിക്കുക.

(ii) "റിയാലിറ്റിഷോകൾ സ്വന്തം കഴിവുകൾ കണ്ടെത്താനും വികസിപ്പിക്കാനുമുള്ള മികച്ച വേദികളാണ്." ഈ വിഷയത്തെ അനുകൂലിച്ചോ പ്രതികൂലിച്ചോ പ്രതികരിക്കുക.

(iii) ഉന്നത വിദ്യാഭ്യാസത്തിന്റെ (Higher education) ഭാഗമായി നിങ്ങൾ പഠിക്കാൻ ആഗ്രഹിക്കുന്ന ഒരു വിഷയത്തെപ്പറ്റിയും അതിന്റെ സാദ്ധ്യതകളെപ്പറ്റിയും വിവരിക്കുക.

(iv) നിങ്ങൾ നടത്തിയ ഒരു സാഹസികയാത്രയെപ്പറ്റിയും, ഉണ്ടായ അനുഭവങ്ങളെപ്പറ്റിയും വിവരിക്കുക.

(v) വ്യക്തിത്വവികസനത്തിനും സ്വഭാവരൂപീകരണത്തിനും വിദ്യാലയങ്ങൾ വഹിക്കുന്ന പങ്കിനെപ്പറ്റി ഉപന്യസിക്കുക.

(vi) താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെപ്പറ്റി ഒരു സ്വതന്ത്രകഥ എഴുതുക :

(a) അവസാനത്തെ കത്ത്

(b) കാത്തിരുപ്പ്



Downloaded From www.icseboard.org

**Question 2**

**Read the passage given below carefully and answer the questions that follow, using your own words in Malayalam :—**

**(താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധാപൂർവം വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് സ്വന്തം വാക്കുകളിൽ ഉത്തരമെഴുതുക) :—**

മഹാഭാരതത്തെ വരികൾക്കിടയിലൂടെയും ചിലപ്പോൾ കീഴ്ക്കാംതൂക്കായും വായിക്കാൻ മലയാളിയെ പ്രേരിപ്പിച്ചത് കുട്ടികൃഷ്ണമാരാരായിരുന്നു. മഹാഭാരത കഥയിൽ നേരുകൾ എന്ന് നാം ധരിച്ചുവെച്ചിട്ടുള്ള പലതും വിപരീത വിവക്ഷകൾ അടങ്ങുന്നവയാണെന്നും അന്യായമെന്ന തോന്നൽ ഉണ്ടാക്കുന്ന പലതിലും സത്യത്തിന്റെയും നീതിയുടെയും അംശം മറഞ്ഞിരിപ്പുണ്ടെന്നും ഭാരതപര്യടനത്തിലൂടെ മാരാർ കാട്ടിത്തരികയുണ്ടായി. ധർമ്മം ഏത് അധർമ്മമേത് എന്ന് തിരിച്ചറിയാതെ വ്യാസൻതന്നെ മിഴിച്ചു നിൽക്കുന്ന നിരവധി ജീവിതസന്ധികൾ ഈ ഇതിഹാസത്തിൽ ഉണ്ടെന്നും ഒരുപക്ഷേ ഇത്തരം മുഹൂർത്തങ്ങളാണ് മഹാഭാരതത്തിന് അപൂർവമായ ഭാവപ്പൊലിമ സമ്മാനിച്ചുകൊണ്ട് അതിന്റെ സാർവ്വലൗകികവും കാലാതീതവുമായ ആകർഷണരഹസ്യത്തിന് പിന്നിൽ വർത്തിക്കുന്നത് എന്നും ഒരു കവിയുടെയും താർക്കികന്റെയും മനോഹരമായ സങ്കലനം സൂചിപ്പിക്കുന്ന തന്റെ വിമർശനവ്യാഖ്യാനങ്ങളിലൂടെ മാരാർ തെളിയിച്ചു.

ഭാരതത്തിൽ പ്രശസ്തവും അപ്രശസ്തവുമായ നിരവധി മരണങ്ങൾക്ക് കുരുക്ഷേത്രഭൂമി സാക്ഷ്യം വഹിക്കുന്നുണ്ട്. ഒരു മരണത്തെ തുടർന്ന് ഉയരുന്ന വിലാപം കെട്ടടങ്ങുന്നതിനുമുമ്പായി മറ്റൊരു ദുരന്തം വന്നെത്തുന്നു. ചില സന്ദർഭങ്ങളിൽ ഇതിഹാസകാരൻ വിധിയെയും കർമ്മഫലത്തെയും കൂട്ടുപിടിച്ചുകൊണ്ട് കൊല്ലപ്പെട്ടയാളിന്റെ പൂർവാശ്രമങ്ങളിലേക്ക് തിരിഞ്ഞുനോക്കി അയാൾക്ക് സംഭവിച്ച അന്ത്യത്തിന്റെ അനിവാര്യത വ്യക്തമാക്കിത്തരുന്നു. ചോരയും കണ്ണീരും തളംകെട്ടി കിടക്കുന്ന യുദ്ധഭൂമിയുടെ ഓരംപറ്റി നിന്നുകൊണ്ട് 'ഭഗവാന്റെ അട്ടഹാസം' എന്ന പേരിൽ ഒരു ചെറുകഥ ഉറൂബ് എഴുതിയിട്ടുണ്ട്.

ഘടോൽകചന്റെ മരണവാർത്ത പാണ്ഡപക്ഷത്തിൽ സൃഷ്ടിച്ച നടുക്കത്തിൽ നിന്നാണ് കഥയാരംഭിക്കുന്നത്. കൗരവപ്പടയെ നേരിടുന്നതിൽ പതറാത്ത നെഞ്ചുക്കും കരുത്തും കാണിച്ചുപോന്ന ആ രാക്ഷസകുമാരന്റെ അപമൃത്യു പാണ്ഡവരെ വ്യസനത്തിലാക്കുന്നു. ഈ ദുരന്തം ഏറ്റവും അധികം സ്പർശിക്കുന്നത് ഭീമനെയും യുധിഷ്ഠിരനെയുമാണ്. ഭാരതയുദ്ധത്തിൽ രാക്ഷസകുലം കൗരവഭാഗം

ചേർന്നിരിക്കുകയാണ് എന്ന സത്യം മറന്നുകൊണ്ട് തന്നോടുള്ള സ്നേഹബഹുമാനങ്ങളാൽ പ്രേരിതനായി ഒപ്പം ഇറങ്ങിത്തിരിച്ച മകനിലേക്കും തനിക്ക് എന്നും സ്നേഹവും സുഖവും പകർന്നു തന്നിട്ടുള്ള അവന്റെ അമ്മയിലേക്കും ഭീമന്റെ ഓർമ്മകൾ മാറിമാറി സഞ്ചരിക്കുന്നു. അപരാധബോധംകൊണ്ട് ഇളകിത്തുടിച്ച മനസ്സുമായി ഭീമൻ ഹിഡിംബിയെയും ഘടോൽകച പത്നിയായ കടാങ്കടയെയും അഭിമുഖീകരിക്കുന്നു. ഘടോൽകചൻ എന്തുകൊണ്ട് ഈ വിധം മരിച്ചുവെന്നും ആർക്കുവേണ്ടിയായിരുന്നു ആ മരണമെന്നും ഒരിക്കലും പിഴ പറ്റാത്ത തന്റെ യുക്തികളുടെ സഹായത്തോടെ ശ്രീകൃഷ്ണൻ പാണ്ഡവർക്ക് വിശദീകരിച്ചുകൊടുക്കുന്നു.

വ്യാസൻ മഹാഭാരതത്തിൽ വിവരിച്ചിട്ടുള്ള കഥാസന്ദർഭത്തെ സത്യസന്ധമായി പുനരാവിഷ്കരിക്കുക മാത്രമാണ് ഒരർത്ഥത്തിൽ ഉറൂബ് ഇവിടെ ചെയ്തിരിക്കുന്നത്. എന്നാൽ ഈ കഥയുടെ തനിമ കുടികൊള്ളുന്നത് ഭാരതത്തിൽനിന്ന് സ്വീകരിച്ച താരതമ്യേന അപ്രധാനമായ ഒരു കഥാമുഹൂർത്തം തുറന്നുതന്ന വിടവുകളിലൂടെയും മൗനങ്ങളിലൂടെയും തെന്നി നീങ്ങി ഇതിഹാസ ഹൃദയത്തിലേക്ക് പുതിയൊരു മിന്നൽപ്രകാശം പായിക്കുന്നതിൽ കാട്ടിയിട്ടുള്ള കൗശലത്തിലാണ്.

ഭീമന്റെ കാഴ്ചപ്പാടിലൂടെയാണ് കഥയുടെ അവതരണമെങ്കിലും കഥാകൃത്ത് ഏറെ മിഴിവ് പകർന്നിട്ടുള്ളത് കടാങ്കടയ്ക്കാണ്. ഉമ്മാച്ചുവിന്റെയും അമ്മിണിയുടെയും ഹൃദയനിഗൂഢതകൾ തേടിപ്പോയ ഉറൂബിന്റെ കലാപ്രേരണകൾ കടാങ്കടയുടെ അടുത്തെത്തിയപ്പോൾ പെട്ടെന്ന് ഉന്മേഷംകൊണ്ടതുപോലുണ്ട്. ശോകം അവളുടെ തേജസ് കൂട്ടുക മാത്രമല്ല അവളുടെ വാക്കുകൾക്ക് പതിവില്ലാത്ത തീക്ഷ്ണത പകരുകയും തന്റെയും തന്റെ വംശത്തിന്റെയും അവസ്ഥയെ സംബന്ധിച്ച് അവളുടെ ഉൾക്കാഴ്ചകളെ കൂടുതൽ നിശിതമാക്കുകയും ചെയ്തിരിക്കുന്നു. ഭീമൻ ഘടോൽകചനെ യുദ്ധത്തിനു കൂട്ടിക്കൊണ്ടുപോകാൻ ചെന്നപ്പോൾ അവൾ പ്രകടിപ്പിച്ച ഭയാശങ്കകൾ അങ്ങനെ സ്ഥിരീകരിക്കപ്പെട്ടിരിക്കുകയാണ്. ക്ഷത്രിയന്റെ മുമ്പിൽ രാക്ഷസപ്പെണ്ണ് സാധാരണയായി കാണിക്കുന്ന വിനയം മാറ്റിവെച്ചുകൊണ്ട് എങ്ങുനിന്നോ ഒഴുകിയെത്തിയ ധൈര്യത്തോടെ അവൾ ഭീമനെ നേരിടുന്നു. ഘടോൽകചൻ മരിച്ചത് എന്തിനുവേണ്ടിയായിരുന്നു ? കൂട്ടംതെറ്റി പാണ്ഡവ പക്ഷത്ത് ചേർന്ന് പോരാടിയ ആ രാക്ഷസകുമാരന്റെ ബലികൊണ്ട് ആർക്കാണ് നേട്ടമുണ്ടായത് ? പടയിൽ മരിക്കുന്ന ക്ഷത്രിയനെ വീരസ്വർഗ്ഗം കാത്തിരിപ്പുണ്ട്. എന്നാൽ രാക്ഷസന്റെ



Downloaded From www.icseboard.org

മുന്നിൽ അത്തരം ഒരു പ്രതീക്ഷയും ആരും വെച്ച് നീട്ടിയിട്ടില്ല. കടാങ്കട തന്റെ അളന്നു തൂക്കിയ വാക്കുകൾകൊണ്ട് അപരാധബോധത്താൽ ഉരുകുന്ന ഭീമന്റെ ഹൃദയത്തിൽ ഒന്നുകൂടി പൊള്ളലേൽപ്പിക്കുന്നു. അവസാനം ഘടോൽകചനെ രാജകീയ ബഹുമതികളോടെ സംസ്കരിക്കാം എന്ന വാഗ്ദാനത്തെ നിരസിച്ചുകൊണ്ട് തന്റെ ഭർത്താവിനെ സംസ്കരിക്കേണ്ടത് രാക്ഷസീയ ബഹുമതികളോടെയാണെന്ന മറുപടിയുമായി അവൾ ഘടോൽകചന്റെ ശവംപേറി യാത്ര തിരിക്കുന്നു.

**ചോദ്യങ്ങൾ :**

(i) തന്റെ വിമർശനവ്യാഖ്യാനങ്ങളിലൂടെ മാരാർ തെളിയിച്ചത് എന്ത് ? [3]

(ii) അപരാധബോധംപൂണ്ട ഭീമന്റെ ഓർമ്മകൾ മാറിമറിഞ്ഞ് സഞ്ചരിച്ചത് എവിടെയെല്ലാം ? [3]

(iii) കടാങ്കയെ കഥാകൃത്ത് അവതരിപ്പിക്കുന്നത് എങ്ങനെ ? [3]

(iv) മുകളിൽ കൊടുത്തിരിക്കുന്ന ഗദ്യഭാഗത്തിൽനിന്നും ഉത്തരങ്ങൾ കണ്ടെത്തി എഴുതുക :

(a) ദുഃഖം എന്ന അർത്ഥം വരുന്ന പദം ഏത് ? [1]

(1) വ്യസനം

(2) നിശിതം

(3) നടുക്കം

(4) അപരാധബോധം

(b) ന്യായമല്ലാത്തത് – ഇതിന്റെ ഒറ്റപ്പദം ഏത് ? [1]

(1) അതിന്യായം

(2) അന്യായം

(3) അന്വായനം

(4) അന്യൂനം

(c) ഒരു മരണത്തെ തുടർന്ന് ഉയരുന്ന വിലാപം കെട്ടടങ്ങുന്നതിനുമുമ്പായി മറ്റൊരു ദുരന്തം വന്നെത്തുന്നു. ഇത് സൂചിപ്പിക്കുന്നത് ? [1]

(1) ദുരന്തങ്ങൾ ഒഴിഞ്ഞുപോകുന്നു

(2) ദുരന്തങ്ങൾ ഇല്ലാതാകുന്നു

(3) ദുരന്തങ്ങൾ ആവർത്തിക്കുന്നു

(4) ദുരന്തങ്ങൾക്കായി കാത്തിരിക്കുന്നു



Downloaded From www.icseboard.org

(v) ശരിയായ ഉത്തരങ്ങൾ എടുത്തെഴുതുക :

(a) ഘടോൽകചന്റെ അപമൃത്യു ഏറ്റവുമധികം സ്പർശിച്ചത് ആരെയെല്ലാം ? [1]

(1) കൃഷ്ണനേയും അർജ്ജുനനേയും

(2) ഭീമനേയും യുധിഷ്ഠിരനേയും

(3) യുധിഷ്ഠിരനേയും കൃഷ്ണനേയും

(4) കർണ്ണനേയും ഭീമനേയും

(b) ഘടോൽകചന്റെ മരണത്തെക്കുറിച്ച് യുക്തികളുടെ സഹായത്തോടെ പാണ്ഡവരോട് വിശദീകരിച്ചത് ? [1]

(1) അർജ്ജുനൻ

(2) ഭീമൻ

(3) യുധിഷ്ഠിരൻ

(4) ശ്രീകൃഷ്ണൻ

(c) മഹാഭാരതത്തെ വരികൾക്കിടയിലൂടെ വായിക്കാൻ മലയാളിയെ പ്രേരിപ്പിച്ചത് ആര് ? [1]

(1) ഉറൂബ്

(2) വ്യാസൻ

(3) കുട്ടിക്കൃഷ്ണമാരാർ

(4) ശ്രീകൃഷ്ണൻ

**Question 3**

**(A) Answer the following questions as per the instructions given :**

**(താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശങ്ങൾ അനുസരിച്ച് ഉത്തരം എഴുതുക) :**

(i) താഴെക്കൊടുത്തിരിക്കുന്ന തെറ്റായ പ്രസ്താവന തിരുത്തിയെഴുതുക : [1]

എഴുത്തച്ഛൻ, ചെറുശ്ശേരി, വള്ളത്തോൾ എന്നിവരാണ് പ്രാചീന കവിത്രയത്തിലെ കവികൾ .

(ii) ഉചിതമായ പദം ചേർത്ത് വാക്യം പൂർത്തിയാക്കുക : [1]

കൂടുമ്പോൾ ഇമ്പമുള്ളതാണ് ________.



Downloaded From www.icseboard.org

(iii) താഴെക്കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ ശരിയായ രൂപം ഏത് ? [1]

(a) ഗഹനമായ ടാഗോറിന്റെ കവിതകളിൽ ജീവാത്മ പരമാത്മ ചൈതന്യത്തിന്റെ വ്യത്യസ്തമായ ചിന്തകൾ ദർശിക്കാം.

(b) ജീവാത്മ പരമാത്മ ചൈതന്യത്തിന്റെ വ്യത്യസ്തമായ ചിന്തകൾ ഗഹനമായ ടാഗോറിന്റെ കവിതകളിൽ ദർശിക്കാം.

(c) ടാഗോറിന്റെ ഗഹനമായ കവിതകളിൽ ജീവാത്മ പരമാത്മ ചൈതന്യത്തിന്റെ വ്യത്യസ്തമായ ചിന്തകൾ ദർശിക്കാം.

(d) വ്യത്യസ്തമായ ചിന്തകൾ ഗഹനമായ ടാഗോറിന്റെ കവിതകളിൽ ദർശിക്കാം.

(iv) ശരിയായ പദം ഏത് : [1]

(a) ഉൽഘാടനം

(b) ഉദ്ഘാടനം

(c) ഉൽക്കാടനം

(d) ഉല്ഘാടനം .

(v) ഒറ്റപ്പദം എഴുതുക : [1]

പിതാവിനെ സംബന്ധിക്കുന്നത്

(a) പിതൃസംബന്ധം

(b) പിതൃത്വം

(c) പൈതൃകം

(d) പൈതൃകസംബന്ധം

**(B) Use the idioms in the sentence as per the instructions given :**

**(തന്നിരിക്കുന്ന ശൈലികൾ നിർദ്ദേശങ്ങളനുസരിച്ച് പ്രയോഗിക്കുക) :**

(i) താഴെക്കൊടുത്തിരിക്കുന്ന ശൈലി ഉപയോഗിച്ച് ഒരു വാക്യം നിർമ്മിക്കുക : [1]

നൂലാമാല



Downloaded From www.icseboard.org

(ii) ഉചിതമായ ശൈലി തെരഞ്ഞെടുത്ത് വാക്യം പൂർത്തിയാക്കുക : [1]

കടം കയറി ______ ഴാണ് ആ കുടുംബം നാടുവിടാൻ തീരുമാനിച്ചത്.

(a) ദീപാളികുളിക്കുക

(b) ജലരേഖ

(c) നട്ടംതിരിയുക

(d) കാടുകയറുക

(iii) താഴെക്കൊടുത്തിരിക്കുന്ന ശൈലിയുടെ അർത്ഥം എടുത്തെഴുതുക : [1]

നെല്ലിപ്പലക കാണുക

(a) അങ്ങേയറ്റംവരെ എത്തുക

(b) യോജിച്ചുപോവുക

(c) സ്ഥിരതയില്ലാതാവുക

(d) വിശ്വാസമില്ലാതാവുക

**(C) Use the proverbs in the sentences as per the instructions given :**

**(തന്നിരിക്കുന്ന പഴഞ്ചൊല്ലുകൾ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രയോഗിക്കുക) :**

(i) താഴെക്കൊടുത്തിരിക്കുന്ന പഴഞ്ചൊല്ലിന്റെ ആശയം എടുത്തെഴുതുക :

ചത്ത കുഞ്ഞിന്റെ ജാതകം നോക്കിയിട്ട് കാര്യമില്ല [1]

(a) എല്ലാം ആലോചിച്ച് ചെയ്യണം

(b) എല്ലാം മനസ്സിലാക്കി ചെയ്യണം

(c) എല്ലാം മുൻകൂട്ടി ആലോചിക്കണം

(d) വേണ്ടത് വേണ്ട സമയത്തുതന്നെ ചെയ്യണം

(ii) താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയായ പഴഞ്ചൊല്ല് ഏത് : [1]

(a) മനസ്സിൽ കണ്ടത് മാനത്ത് കാണില്ല

(b) സ്വരം മോശമാകുമ്പോൾ പാട്ടു നിർത്തണം

(c) കാണം വിറ്റും ഓണം ഉണ്ണണം

(d) ഒത്തു പിടിച്ചാൽ ഒരുമയും പോരും



Downloaded From www.icseboard.org

## SECTION B

## LITERATURE – 40 MARKS

*Answer four questions from this Section on any three out of the four prescribed textbooks.*

**നിർദ്ദേശിച്ചിരിക്കുന്ന നാലു പാഠപുസ്തകത്തിൽ ഏതെങ്കിലും മൂന്നെണ്ണത്തിൽനിന്ന് നാല് ചോദ്യത്തിന് ഉത്തരം എഴുതുക.**

### ഗദ്യകൈരളി (GADYAKAIRALI)

**Question 4**

"ഗുരു മഹേഷ് പ്രസാദ്ജി വളരെ വലിയ സന്തോഷത്തിലായിരുന്നു."

(i) ഗുരുവിന് സന്തോഷം തോന്നാനുള്ള കാരണമെന്ത് ? [1]

(ii) ശിഷ്യന്മാർ ഭാണ്ഡങ്ങളുമായി മുറ്റത്തിറങ്ങിയപ്പോൾ ഗുരുജി പറഞ്ഞ കാര്യങ്ങൾ എന്തെല്ലാം ? [2]

(iii) സത്വം തിരികെപ്പോയ്ക്കഴിഞ്ഞപ്പോൾ ഗുരുജിയുടെ മനസ്സിലുണ്ടായ ചിന്തകൾ എന്തെല്ലാം ? [2]

(iv) ഗുരുജിയുടെ പ്രിയപ്പെട്ട മൂന്ന് ശിഷ്യന്മാരുടെ മോഹങ്ങൾ വിവരിക്കുക. [5]

**Question 5** [10]

വിടിനുമുന്നിൽ താനെഴുതിവെച്ച ആത്മഹത്യാഭീഷണി വലിയ അസംബന്ധമാണെന്ന് വിശ്വൻ കുണ്ടൂർ ചിന്തിക്കാനുള്ള കാരണങ്ങൾ വിവരിക്കുക.

**Question 6** [10]

വെള്ളായിയപ്പന്റെ യാത്രയും അതിന്റെ പരിസമാപ്തിയും വായനക്കാരുടെ മനസ്സിൽ നൊമ്പരം നിറയ്ക്കുന്നു. വിവരിക്കുക.

### കാവ്യാഞ്ജലി (KAVYANJALI)

**Question 7**

"ശ്രീഭൂവിലസ്ഥിര – അസംശയം – ഇന്നു നിന്റെ –
യാഭൂതിയെങ്ങു, പുനരെങ്ങു കിടപ്പിതോർത്താൽ"

(i) ശ്രീഭൂവിലസ്ഥിര – എന്ന് കവി ചിന്തിക്കുന്നത് എപ്പോൾ ? [1]

(ii) പൂവ് ബാലത്വം കഴിച്ചുകൂട്ടിയതെങ്ങനെ ? [2]

(iii) യൗവനോദയത്തിൽ പൂവിൽവന്ന മാറ്റങ്ങൾ എന്തെല്ലാമായിരുന്നു ? [2]

(iv) വീണപൂവ് എന്ന കവിതയുടെ ആസ്വാദതലം വിലയിരുത്തുക. [5]



Downloaded From www.icseboard.org

**Question 8** [10]

പ്രകൃതിയിലേക്ക് മടങ്ങേണ്ടതിന്റെയും പ്രപഞ്ചസൗന്ദര്യത്തിന്റെ അനന്ത വിസ്മയങ്ങളെ പൂർണ്ണമായി അറിയേണ്ടതിന്റെയും ആവശ്യകതയിലേക്കുള്ള ഒരന്വേഷണമാണ് 'കാടിന്റെ വിളി' എന്ന കവിത. വിലയിരുത്തുക.

**Question 9** [10]

"തന്റെ സർഗ്ഗ സിദ്ധികളും അതിന്റെ ആവിഷ്കാര ധാർമ്മികതയും അബോധതലത്തിൽ കുടികൊള്ളുന്ന സാംസ്കാരിക പാരമ്പര്യവും ഒത്തുചേരുന്ന ഒരു കവിതയാണ് സർഗ്ഗസംഗീതം." - വിശകലനം ചെയ്യുക.

## അസുരവിത്ത് (ASURAVITH)

**Question 10**

"ആ ക്ഷണം സ്വീകരിച്ചില്ല. അഭിമാനം ചോറിനെക്കാൾ സ്വാദേറിയതായിരുന്നു."

(i) കൊച്ചപ്പൻ ഒപ്പിച്ച അബദ്ധം എന്തായിരുന്നു ? [1]

(ii) ഊർച്ച മരത്തിൽനിന്ന് കലികയറി അലറുന്ന ഊർച്ചക്കാർ കോപ്പക്കുട്ടി കണ്ടത്തിൽ ഇറങ്ങിയാൽ നാണിച്ചുപോകും. എന്തുകൊണ്ട് ? [2]

(iii) കലങ്ങിയ കണ്ണും ചോരച്ച കവിളും തലയിൽ ഒരു മുഴയുമായി കൊച്ചപ്പൻ വീട്ടിലെത്താൻ കാരണം എന്ത് ? [2]

(iv) അമ്മയെ ഒരു കടലാസുകഷണം പോലെ പിച്ചിപ്പറിക്കാൻ ഗോവിന്ദൻകുട്ടിക്ക് തോന്നിയത് എന്തുകൊണ്ട് ? [5]

**Question 11** [10]

അസാധാരണമായ ഒരു വ്യക്തിത്വത്തിന് ഉടമയാണ് 'കുഞ്ഞരയ്ക്കാർ' എന്ന കഥാപാത്രം. വിശകലനം ചെയ്യുക.

**Question 12** [10]

അസുരവിത്തിൽ നിഴലിക്കുന്ന കാർഷിക ജീവിതചിത്രങ്ങൾ ആ കാലഘട്ടത്തിന്റെ പ്രതിഫലനമാണ്. ഉദാഹരണങ്ങൾ ഉദ്ധരിച്ച് സമർത്ഥിക്കുക.



Downloaded From www.icseboard.org

## ആ മനുഷ്യൻ നീ തന്നെ (AA MANUSHYAN NEE THANNE)

**Question 13**

"പ്രേമം ഒരുവനെ ചെറുതാക്കുന്നെങ്കിൽ ഞാൻ ഒരു മണൽത്തരിയോളം ആയിക്കൊള്ളട്ടെ."

(i) 'ഇതൊന്നും സന്തോഷകരമായ ചുമതലകൾ അല്ല'- സന്തോഷകരമല്ലാത്ത ചുമതലകൾ ഏതെല്ലാം ? [1]

(ii) ഒഴുക്കിനെതിരെ നീന്താൻ തനിക്കു ശക്തിയില്ല എന്ന് ദാവീദ് പറയുന്ന സന്ദർഭം വിവരിക്കുക. [2]

(iii) അങ്ങ് വിഷാദത്തിന് അടിമപ്പെടുകയാണ് – ബെത്ത്ശേബ ഇങ്ങനെ പറയാൻ കാരണം എന്ത് ? [2]

(iv) 'പ്രഭോ നാം മണലാരണ്യത്തിന്റെ മധ്യത്തിലെ ഏകാകികൾ അല്ല'- ആശയം വിവരിക്കുക. [5]

**Question 14** [10]

"ഇല്ല തിരുമേനി കാട്ടുകുതിരകൾക്ക് എന്നെ അങ്ങോട്ടു വലിച്ചുകൊണ്ടുപോകാൻ കഴിവില്ല. എന്റെ കടമയാണ് എന്റെ സുഖം." - ഊറിയ എന്ന കഥാപാത്രത്തിന്റെ വ്യക്തിത്വം ഈ വാക്കുകളിൽ കാണാം. വ്യക്തമാക്കുക.

**Question 15** [10]

പാപത്തിന്റെ ഫലം മരണമേറ്റെടുത്തു. ദാവീദ് ചെയ്ത പാപവും അതിന് അദ്ദേഹത്തെ പ്രേരിപ്പിച്ച ഘടകങ്ങളും അതു നൽകുന്ന സന്ദേശവും ചർച്ചചെയ്യുക.



Downloaded From www.icseboard.org